**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3655 — 11/11/2019-ൽ മറുപടിക്ക്

**ആരോഗ്യസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.ജെ. വിനോദ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ശുദ്ധവായു ശ്വസിക്കുക എന്നത് പൗരന്മാരുടെ അവകാശമാണെന്ന ദേശീയ ഹരിത ട്രൈബ്യൂണൽ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് പരിസ്ഥിതി മലിനീകരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് ദോഷമുണ്ടാകുന്ന സ്ഥിതി വിശേഷം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. പരിസ്ഥിതി മലിനീകരണം തടയുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 34 സ്ഥലങ്ങളിൽ നിന്ന് ബോർഡ് അന്തരീക്ഷ വായു ഗുണനിലവാരം നിർണ്ണയിക്കുന്നുണ്ട്. ഇതിൽ 28 സ്റ്റേഷനുകളിൽ നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലും 6 സ്റ്റേഷനുകളിൽ സ്റ്റേറ്റ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലും ആണ് മോണിട്ടറിംഗ് നടത്തി വരുന്നത്. വ്യവസായശാലകളിൽ നിന്നുള്ള വായു മലിനീകരണം തടയുവാൻ ചട്ടങ്ങൾ പ്രകാരമുള്ള പുകകുഴൽ സ്ഥാപിച്ചും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും വരുന്നു. ഇത് ബോർഡ് നിരീക്ഷിക്കുകയും നിയമലംഘനം കണ്ടെത്തിയാൽ നടപടികൾ ബോർഡ് കൈക്കൊള്ളുന്നുമുണ്ട്.<br>സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി പരിശോധന നടത്തി വരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസം തോറും പരിശോധിച്ച് പരിശോധനാഫലം |
| (സി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | വിലയിരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. വായു-ജല പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ച് വാട്ടർ- എയർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.<br>പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുവാനുള്ള നടപടികളും ബോർഡ് സ്വീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, 500 ബെഡിൽ കൂടുതലുള്ള ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ PET ബോട്ടിലുകളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് 14.06.2018-ൽ ബോർഡ് സർക്കുലർ ഇറക്കിയിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക്ക് നിരോധിച്ചു കൊണ്ട് ബോർഡ് നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ട പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പിവിസി ഫ്ലക്സ് നിരോധിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 29/08/2019-ാം തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>പ്ലാസ്റ്റിക് കുപ്പികൾ തിരിച്ചെടുക്കുന്നതിനായി Reverse Vending Machine . തിരുവനന്തപുരം ഇടപ്പഴഞ്ഞിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപയോഗിച്ച ബോട്ടിലുകൾ തിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ബോർഡ് സ്വീകരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുമുണ്ട്.<br>കൂടാതെ ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം 1974, പരിസ്ഥിതി സംരക്ഷണ നിയമം 1986 എന്നിവ പ്രകാരം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ജല മലിനീകരണം ഉണ്ടാക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും നിയമ നടപടികൾ കൈ ക്കൊള്ളുന്നതിനും പെനാൽറ്റി impose ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ